<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 298</u> <u>12-03-2025 - ൽ മറുപടിയ്ക്ക്</u>

<u>ട്രാൻസ്ജെൻഡറുകൾക്കായി കലാട്രൂപ്പ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ട്രാൻസ്ജെൻഡറുകളുടെ സർഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രത്യേക കലാട്രൂപ്പ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. കലാപരമായി മികവ് പുലർത്തുന്ന ട്രാൻസ്ജെന്റർ വ്യക്തികൾക്ക് ടി മേഖലയിൽ കൂടുതൽ ശോഭിക്കുന്നതിനും, അവരുടെ സർഗാത്മക ശേഷി കൂടുതൽ മെച്ചപ്പെട്ട നിലയിൽ വിനിയോഗിക്കുന്നതിനും അവസരം ഒരുക്കുന്നതിനായി ഒരു ട്രാൻസ്ജെന്റർ കലാടീം രൂപീകരിക്കുന്ന പദ്ധതി 'അനന്യം' എന്ന പേരിൽ ഈ വർഷം ആരംഭിച്ചിട്ടുണ്ട്. ഗുരു ഗോപിനാഥ് നടനഗ്രാമത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ലക്ഷ്യങ്ങൾ അനുബന്ധം 1-ായി ചേർക്കുന്നു. |
| (ബി) | ഏതൊക്കെ കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രോഗ്രാമാണ് സജ്ജമാക്കുന്നതെന്നും കൃത്യമായ വരുമാനം ഉറപ്പുവരുത്തുന്നുണ്ടോയെന്നും വിശദമാക്കുമോ; | (ബി) | ട്രാൻസ്ജെന്റർ വ്യക്തികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്ന അനന്യം പദ്ധതിയുടെ ആദ്യഘട്ടത്തിൽ നൃത്തം, അഭിനയം എന്നിവ സമന്വയിപ്പിച്ചു കൊണ്ട് 2 മണിക്കൂർ ദൈർഘ്യമുള്ള പരിപാടിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. സർക്കാർ /പ്രദേശിക സർക്കാർ നടത്തുന്ന പരിപാടികളിൽ കലാ ടീമിന് സർക്കാർതലത്തിൽ അവസരമൊരുക്കുന്നതിനും അതുവഴി ദേശീയ/അന്തർദേശീയ തലത്തിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും അപ്രകാരം സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |
| (സി) | ട്രാൻസ്ജെൻഡറുകളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി മറ്റെന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (സി) | ട്രാൻസ്ജെന്റർ വ്യക്തികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ദൃശ്യത വർദ്ധിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി 'വർണ്ണപ്പകിട്ട്' എന്ന പേരിൽ ട്രാൻസ്ജെന്റർ കലോത്സവം എല്ലാ വർഷവും നടത്തിവരുന്നു. ഏകദേശം 23 പ്രദർശനഇനങ്ങൾ ഉള്ള കലോത്സവത്തിൽ എല്ലാ ജില്ലകളിൽ നിന്നുമുള്ള ട്രാൻസ്ജെന്റർ വ്യക്തികൾക്ക് അവരുടെ കഴിവുകൾ |

| | | | |
|---|---|---|---|
| | | | പ്രകടിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നുണ്ട്. കലോത്സവത്തോടനുബന്ധിച്ചു വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ട്രാൻസ്ജെന്റർ വ്യക്തികൾക്ക് അവാർഡ് നൽകുകയും ചെയ്യുന്നു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ചവരെ ആദരിക്കുകയും ചെയ്യുന്നു. കൂടാതെ, ദേശീയ/അന്തർദേശീയ കലാ-കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും , സൗന്ദര്യ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കും ധനസഹായം അനുവദിക്കുന്ന 'പ്രതിഭ' പദ്ധതി 2025-26 സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം : 1

## 'അനന്യം' എന്ന പേരിൽ ഈ വർഷം ആരംഭിച്ചിട്ടുള്ള ട്രാൻസ്ജെൻഡർ കലാ ടീം രൂപീകരിക്കുന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ

1. ട്രാൻസ്ജെൻഡർ വ്യക്തികളുടെ കലാപരമായ അഭിരുചി, സർഗ്ഗാത്മകത എന്നിവ പ്രോത്സാഹിപ്പിക്കുക
2. കലാപരമായി മികവ് പുലർത്തുന്ന ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഒരു കലാസംഘം രൂപപ്പെടുത്തിയെടുക്കുക
3. ക്വിയർ സംബന്ധിയായ ആശയങ്ങൾ പ്രമേയമാകുന്ന കലാപ്രകടനങ്ങൾ അവതരിപ്പിക്കുന്നതിനു അവസരമൊരുക്കുക
4. സാമൂഹികമായി നിലനിൽക്കുന്ന തെറ്റിദ്ധാരണകളെ അതിജീവിക്കുന്നതിന് കലയിലൂടെ സാധ്യമാകുന്നതോടൊപ്പം സമൂഹത്തിന്റെ എല്ലാ മേഖലകളിലും ട്രാൻസ്ജെൻഡർ വ്യക്തികളുടെ ദൃശ്യത, സ്വീകാര്യത എന്നിവ വർദ്ധിപ്പിക്കുക
5. സർക്കാർ/പ്രദേശിക സർക്കാർ സംഘടിപ്പിക്കുന്ന സാമൂഹിക-സാംസ്കാരിക പരിപാടികളിൽ അവസരം നൽകുക
6. സംസ്ഥാനത്തിനകത്തും പുറത്തുമായി കൂടുതൽ അവസരങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം സാമ്പത്തികമായി മെച്ചപ്പെടുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും സാഹചര്യം ഒരുക്കുകയും അതുവഴി അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്യുക
7. കലാപരമായ മികവ് പ്രകടിപ്പിക്കുന്നതിനും അവയുടെ ആസ്വാദനത്തിനും ലിംഗഭേദമില്ല എന്ന തിരിച്ചറിവും സന്ദേശവും സമൂഹത്തിനു നൽകുക

**10-03-2025**

ഡോ ആർ ബിന്ദു
**MINISTER**